**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 748** **30-01-2024 - ൽ മറുപടിയ്ക്ക്**

**നെല്ലിക്കാപറമ്പ് സബ്സ്റ്റേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിതരണം സുഗമമാക്കുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും വിഭാവനം ചെയ്ത നെല്ലിക്കാപറമ്പ് 66 കെ.വി. സബ്സ്റ്റേഷൻ പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ നെല്ലിക്കാപറമ്പ് പ്രദേശത്തും സമീപ പ്രദേശങ്ങളിലുമുള്ള വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി നെല്ലിക്കാപറമ്പിൽ ഒരു 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാൻ 2010-ൽ ഭരണാനുമതി നൽകി യെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമാകാതി രുന്നതിനാൽ സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല.<br><br>ഇപ്പോൾ ഒരു സ്വകാര്യ വ്യവസായ സ്ഥാപനം, അവരുടെ ഉടമസ്ഥതയിലുള്ള സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിനായി വിട്ടു നൽകാൻ തയ്യാറാണെന്ന് അറിയിച്ചതിനെ തുടർന്ന് സ്ഥല പരിശോധന, ലൈൻ റൂട്ട് പരിശോധന എന്നിവ നടത്തുകയും അഗസ്ത്യമുഴി 110 കെ.വി സബ്സ്റ്റഷനിൽ നിന്ന് 13 കിലോമീറ്റർ നീളത്തിൽ 33 കെ.വി ലൈൻ വലിച്ച് ടി സ്ഥലത്ത് ഒരു 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടിയായ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് കെ.എസ്.ഇ.ബി.എൽ-ന്റെ ഫീൽഡ് ഓഫീസിൽ തയ്യാറാക്കി വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് ജില്ലയിലെ നെല്ലിക്കാപറമ്പ് പ്രദേശത്തും സമീപ പ്രദേശങ്ങളിലുമുള്ള വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി നെല്ലിക്കാപറമ്പിൽ ഒരു 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാൻ 2010-ൽ ഭരണാനുമതി നൽകി യെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമാകാതി രുന്നതിനാൽ സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല.<br><br>ഇപ്പോൾ ഒരു സ്വകാര്യ വ്യവസായ സ്ഥാപനം, അവരുടെ ഉടമസ്ഥതയിലുള്ള സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിനായി വിട്ടു നൽകാൻ തയ്യാറാണെന്ന് അറിയിച്ചതിനെ തുടർന്ന് സ്ഥല പരിശോധന, |

| | | | |
|---|---|---|---|
| | | | ലൈൻ റൂട്ട് പരിശോധന എന്നിവ നടത്തുകയും അഗസ്ത്യമൂഴി 110 കെ.വി സബ്സ്റ്റേഷനിൽ നിന്ന് 13 കിലോമീറ്റർ നീളത്തിൽ 33 കെ.വി ലൈൻ വലിച്ച് ടി സ്ഥലത്ത് ഒരു 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടിയായ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് കെ.എസ്.ഇ.ബി.എൽ-ന്റെ ഫീൽഡ് ഓഫീസിൽ തയ്യാറാക്കി വരികയാണ്. |
| (സി) | ഈ പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി.എൽ-ന് കൈമാറ്റം ചെയ്ത് പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ